**കേരള സർക്കാർ**
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - **ചേർത്തല** നഗരസഭയിൽ **സൂപ്രണ്ട്** ആയി ജോലി നോക്കി വരവേ മരണമടഞ്ഞ **സി.പി. ഇക്ബാലിന്റെ** മകൻ ശ്രീ. **നൈസ് ഇക്ബാലിന്** മുനിസിപ്പൽ കോമൺ സർവ്വീസിൽ **എൽ.ഡി.സി./ബി.സി** തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

============================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(എം.എസ്)നം. 07/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 07.01.2014

============================================================

വായിച്ചു:-
1) 24.5.1999-ലെ സ.ഉ.(പി) നം.12/99/ഉഭപവ.
2) 09.11.2012-ൽ ശ്രീ.**നൈസ് ഇക്ബാൽ, S/o (Late) സി.പി. ഇക്ബാൽ,** സൂപ്രണ്ട്, ചേർത്തല നഗരസഭ സമർപ്പിച്ച അപേക്ഷ.
3) 25.04.2013-ലെ അർബൻ അഫയേഴ്സ് ഡയറക്ടറുടെ E4-3568/13 നമ്പർ കത്ത്.
5) 05.07.2013-ലെ **ആലപ്പുഴ** ജില്ലാ കളക്ടറുടെ K.Dis./28241/13/A8 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് **ചേർത്തല** നഗരസഭയിൽ **സൂപ്രണ്ട്** ആയിരിക്കവെ **27.11.2007-ൽ** മരണമടഞ്ഞ **സി.പി. ഇക്ബാലിന്റെ** മകൻ ശ്രീ. **നൈസ് ഇക്ബാൽ 09.11.2012-ൽ** അപേക്ഷ സമർപ്പിച്ചു. **27.11.2007-ൽ** മരണമടഞ്ഞ **സി.പി. ഇക്ബാലിന് 26** വർഷത്തെ സർവ്വീസ് ഉണ്ടായിരുന്നു. പരേതന്റെ ജനനത്തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം **13.04.1958, 27.07.1981** ആണ്. മുകളിൽ നാലാമതായി വായിച്ച കത്തു പ്രകാരം അർബൻ അഫയേഴ്സ് ഡയറക്ടറും അഞ്ചാമതായി വായിച്ച കത്തു പ്രകാരം **ആലപ്പുഴ** ജില്ലാ കളക്ടറും അപേക്ഷകന് ജോലി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2) **14.12.1989-ൽ** ജനിച്ച അപേക്ഷകൻ +2 **പാസ്സായിട്ടുണ്ട്.** ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും ആർക്കും ജോലി ലഭിച്ചിട്ടില്ല എന്നും അപേക്ഷകനും **ആലപ്പുഴ** ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ അപേക്ഷകനായ **ശ്രീ. നൈസ് ഇക്ബാലിന്** ജോലി നൽകുന്നതിൽ എതിർപ്പില്ല എന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നൽകിയിട്ടുണ്ട്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം **3,61,008/-** രൂപയാണെന്ന് **ആര്യാട് തെക്ക്** വില്ലേജ് ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ **ചേർത്തല** നഗരസഭയിൽ **സൂപ്രണ്ട്** ആയി ജോലി നോക്കി വരവേ മരണമടഞ്ഞ ശ്രീ. **സി.പി. ഇക്ബാലിന്റെ** മകൻ ശ്രീ. **നൈസ് ഇക്ബാലിന്** സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ടിയാന്റെ അപേക്ഷ സമർപ്പിച്ചതിലുണ്ടായ കാലതാമസം മാപ്പാക്കി നല്കിക്കൊണ്ട് മുനിസിപ്പൽ കോമൺ സർവ്വീസിൽ **ചേർത്തല** നഗരസഭയിലോ **ആലപ്പുഴ** ജില്ലയിലെ മറ്റേതെങ്കിലും നഗരസഭയിലോ **എൽ.ഡി.സി./ബി.സി** തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ നിയമനം ഇപ്രകാരമുള്ള നിയമനം നൽകുന്നതിന് നീക്കിവച്ചിട്ടുള്ള ഒഴിവിന്റെ ലഭ്യതയ്ക്കും, മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായിരിക്കും.

4) ബന്ധപ്പെട്ട നഗരസഭ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപ്പറഞ്ഞ അപേക്ഷകന് എത്രയുംവേഗം നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമനവിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിന് ലഭ്യമാക്കേണ്ടതാണ്.

5) അപേക്ഷകൻ വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നു എന്ന് ഉത്തരവ് പുറപ്പെടുവിച്ച ശേഷം എപ്പോഴെങ്കിലും വെളിവാകുന്ന പക്ഷം നിയമനത്തിന് അനുമതി നൽകികൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അവകാശം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എസ്.വേണുഗോപാലൻ നായർ,**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. നൈസ് ഇക്ബാൽ, നിഫിലാൻഡ്, ചാലയങ്ങാടി,
കാളത്ത് വാർഡ്, ആലപ്പുഴ - 688 006 (രജിസ്റ്റേർഡ് പോസ്റ്റ്)
അർബൻ അഫയേഴ്സ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ചേർത്തല നഗരസഭ (ചെയർമാൻ മുഖേന)
ജില്ലാ കളക്ടർ, ആലപ്പുഴ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**